**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3036** **25-10-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ നിയോജകമണ്ഡലം നിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകളും വികസനമുരടിപ്പും പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വല്ലാർപാടം കണ്ടെയ്നർ റോഡിൽ കളമശ്ശേരി മുതൽ വല്ലാർപാടം വരെ കൃത്യമായ സർവീസ് റോഡും ആയതിൽനിന്ന് കണ്ടെയ്നർ റോഡിലേയ്ക്ക് കൃത്യമായ ഇടവേളകളിൽ പ്രവേശനവും ഇല്ലാത്തതിനാൽ വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവുകാട്, കടമക്കുടി പഞ്ചായത്ത് നിവാസികളും ചേരാനല്ലൂർ പഞ്ചായത്തുകാരും നേരിടുന്ന ബുദ്ധിമുട്ടുകളും വികസനമുരടിപ്പും പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | എൻ.എച്ച് 966 എ യിൽ ഡി.പി.ആർ പഠന പ്രകാരം ആവശ്യമായ സ്ഥലങ്ങളിൽ സർവീസ് റോഡുകൾ നൽകിയിട്ടുണ്ട്. ആകെ 17.121 കി.മീ ദൂരത്തിലുള്ള എൻ.എച്ച് 966 എ യിൽ 10.361 കി.മീ സർവ്വീസ് റോഡുകൾ നൽകിയിട്ടുണ്ട് സർവ്വീസ് റോഡ് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധ മായി ചേർക്കുന്നു. |
| (ബി) | ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | എൻ.എച്ച് 966 എ യിൽ ഡി.പി.ആർ പഠന പ്രകാരം ആവശ്യമായ സ്ഥലങ്ങളിൽ സർവീസ് റോഡുകൾ നൽകിയിട്ടുണ്ട്. ആകെ 17.121 കി.മീ ദൂരത്തിലുള്ള എൻ.എച്ച് 966 എ യിൽ 10.361 കി.മീ സർവ്വീസ് റോഡുകൾ നൽകിയിട്ടുണ്ട് സർവ്വീസ് റോഡ് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധ മായി ചേർക്കുന്നു. |
| (സി) | ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പോ മറ്റേതെങ്കിലും ഏജൻസിയോ പഠനം നടത്തുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ കൃത്യമായ അപേക്ഷ നാഷണൽ ഹൈവേ അതോറിറ്റിയിൽ സമർപ്പിക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കളമശ്ശേരി വല്ലാർപാടം സ്ട്രെച്ച് സംബന്ധിച്ച് ദേശീയപാത അതോറിറ്റിയുടെ ഡി.പി.ആർ കൺസൾട്ടന്റ് പഠനം നടത്തി യിട്ടുണ്ട്. പദ്ധതി പ്രദേശത്തിന്റെ അവസ്ഥയ്ക്ക് അനുയോജ്യമായ വിധത്തിലുള്ള ഡി.പി.ആർ അംഗീകരിച്ച് അതിനനുസൃ തമായാണ് പ്രസ്തുത പാത നിർമ്മിച്ചിരിക്കുന്നത്. |
| (ഡി) | ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനും മേൽനടപടികൾ സ്വീകരിക്കുന്നതിനും ഏതെങ്കിലും ഏജൻസിയെ ഏല്പിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കളമശ്ശേരി വല്ലാർപാടം സ്ട്രെച്ച് സംബന്ധിച്ച് ദേശീയപാത അതോറിറ്റിയുടെ ഡി.പി.ആർ കൺസൾട്ടന്റ് പഠനം നടത്തി യിട്ടുണ്ട്. പദ്ധതി പ്രദേശത്തിന്റെ അവസ്ഥയ്ക്ക് അനുയോജ്യമായ വിധത്തിലുള്ള ഡി.പി.ആർ അംഗീകരിച്ച് അതിനനുസൃ തമായാണ് പ്രസ്തുത പാത നിർമ്മിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| Sl.No | LHS | | RHS | | Total Length | |
|---|---|---|---|---|---|---|
| | From | To | From | To | LHS | RHS |
| 1 | 600 | 1350 | 600 | 1350 | 750 | 750 |
| 2 | 3225 | 3480 | 3250 | 3560 | 255 | 310 |
| 3 | 4350 | 6150 | 4360 | 6150 | 1800 | 1790 |
| 4 | 6380 | 6800 | 6380 | 6800 | 420 | 420 |
| 5 | 6800 | 7070 | 6800 | 6935 | 270 | 135 |
| 6 | 7970 | 8400 | 7970 | 8400 | 430 | 430 |
| 7 | 12300 | 14900 | | | 2600 | |
| | **Total Length** | | | | **6526** | **3835** |
| | **Grand Total** | | | | | **10361** |